# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5718 — 02.07.2014 -ൽ മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ. ചന്ദ്രശേഖരൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |

(എ) വരൾച്ച നേരിടുന്നതുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും പ്രസ്തുത പദ്ധതികൾക്ക് എന്തുതുക ചെലവായെന്നും വിശദമാക്കുമോ ;

(എ) ഈ വർഷത്തെ വരൾച്ച നേരിടുന്നതിനായി വരൾച്ചാ ദുരിതാശ്വാസ പദ്ധതി 2014 പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ പൈപ്പ്ലൈൻ നീട്ടുന്ന നാല് പ്രവൃത്തികൾക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.കൂടാതെ കേരളാ വാട്ടർ അതോറിറ്റി 140.70 ലക്ഷം രൂപ ചെലവ് വരുന്ന 42 ദുരിതാശ്വാസ പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവർത്തികൾ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ഇനത്തിൽ ഇതുവരെ ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ല.

ഭൂജല വകുപ്പിന്റെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 60 കുഴൽകിണറുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 6 ചെറുകിട കുടിവെള്ള പദ്ധതികളുടെയും 2 കൈ പമ്പു കളുടെയും നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് ഇതുവരെയായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

വരൾച്ച നേരിടുന്നതിനായി കാസർഗോഡ് ജില്ലയിൽ 11 പ്രവൃത്തികൾ ജലസേചന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. വിവിധ വി.സി.ബി.കളുടെ വെന്റ് ഷട്ടർ പ്രവൃത്തികളാണ് നടപ്പാക്കിയത്. ആകെ 9,57,511/- രൂപ ചെലവഴിച്ചു.

(ബി) കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് ജില്ലയിൽ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ താഴെപ്പറയുന്ന പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു.

1) വെസ്റ്റ്ഏളേരിക്കും സമീപവില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.

2) ചെങ്കള, മൂളിയാർ, മധൂർ, മൊക്രാൾ, പുത്തൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം
3) ചെങ്കള, മൂളിയാർ, മധൂർ, മൊക്രാൾ, പുത്തൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി- രണ്ടാം ഘട്ടം
4)മുന്നാട്-ബേഡഡുക്ക കുടിവെള്ള പദ്ധതി
5) കാസർഗോഡ് കുടിവെള്ള പദ്ധതി വിപുലീകരണം.
6)എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കുള്ള കുടിവെള്ള പദ്ധതി- എൻമകജെ പഞ്ചായത്ത്
7) എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കുള്ള കുടിവെള്ള പദ്ധതി- കള്ളാർ പഞ്ചായത്ത്
8) എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കുള്ള കുടിവെള്ള പദ്ധതി- പനത്തടി പഞ്ചായത്ത്
9) എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കുള്ള കുടിവെള്ള പദ്ധതി- കയ്യൂർ-ചീമേനി പഞ്ചായത്ത്
10) ബേളൂരിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.
11)ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി
12)വോർക്കാഡിയയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ബാക്കി പ്രവൃത്തി

ഭൂജല വകുപ്പിന്റെ ആഭിമുഖ്യത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലും രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിലും ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ മിനിവാട്ടർ സപ്ലൈ സ്കീമും കുഴൽകിണർ നിർമ്മിച്ച് കൈപമ്പ് ഘടിപ്പിക്കുന്ന പ്രവൃത്തിയും കേടായ കുഴൽ കിണർ കൈപമ്പ് നന്നാക്കുന്ന പ്രവർത്തിയും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

കാസർഗോഡ് ജില്ലയിൽ ജലനിധി രണ്ടാംഘട്ടത്തിൽ ബാച്ച് ഒന്നിലും രണ്ടിലുമായി 8 പഞ്ചായത്തുകളിൽ 113 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബാച്ച് 1 ൽ ഉൾപ്പെട്ട 58 പദ്ധതികൾ പൂർത്തീകരണഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ